# നീര: കൃഷിമന്ത്രിക്കെതിരെ ഉൽപാദക കമ്പനികൾ

കോഴിക്കോട് ● നീര ഉൽപാദനത്തിനായി ബജറ്റിൽ പത്തു ജില്ലകളിലെ ഉൽപാദക കമ്പനികൾക്ക് കൊടുക്കാൻ നീക്കിവച്ച 15 കോടി രൂപ നാളികേര കോർപറേഷന് നൽകാനുള്ള നീക്കമാണ് കൃഷി മന്ത്രി നടത്തുന്നതെന്ന് കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനീസ് ഇൻ കേരള ആരോപിച്ചു. ഇതിനെതിരെ കേരളത്തിലെ മുഴുവൻ നാളികേര കർഷകരെയും കർഷക സംഘടനകളെയും അണിനിരത്തി ശക്തമായ സമര പ്രക്ഷോഭപരിപാടികൾ ആരംഭിക്കാൻ കേരള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി തീരുമാനിച്ചു. ഒരു പഞ്ചായത്തിൽനിന്ന് 1500 തെങ്ങ് ടാപ്പ് ചെയ്യണമെങ്കിൽ തന്നെ 150 നീര ടെക്നീഷ്യന്മാരും 250 കിലോമീറ്ററിനുള്ളിൽ സംസ്കരണ പ്ലാന്റും വേണം. ഇതൊന്നുമില്ലാതെ എങ്ങനെയാണ് കോർപറേഷൻ നവംബർ ഒന്നിനു നീര വിപണിയിലെത്തിക്കുക. ഈ നിലപാടുകളെല്ലാം കള്ളു ലോബികളെ സഹായിക്കാനാണെന്നും കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനീസ് കേരള പ്രസിഡന്റ് ഷാജഹാൻ കാഞ്ഞിരവിള, സെക്രട്ടറി നാസർ പൊന്നാട് എന്നിവർ ആരോപിച്ചു.